

# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686038 KERALA • PHONE : 8234

വാല്യം 6 | ലക്കം 41 | 1989 ഡിസംബർ 28 | വില 1.15



ക്രിസ്റേറാഫോറസ് റമ്പാൻ



ഫാ. എം.കെ. തോമസ്



ഫാ. കെ.വി. ഗീവർഗീസ്



ഫാ. പി.എം. കുറിയാക്കോസ്



ഫാ. ജോബ് തോമസ്

# മലങ്കര അസോസ്യേഷൻ ഇന്ന് പത്തനംതിട്ടയിൽ

സ്ററാഫ് എഡിററർ

പത്തനംതിട്ട:

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധികാര സമിതിയായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ഇന്ന് പത്തനംതിട്ട കാതോലിക്കേററ് കോളജ് അങ്കണത്തിൽ സമ്മേളിക്കുന്നു. സഭയ്ക്കാവശ്യമുള്ള മെത്രാപ്പോലീത്താമാരെയും അടുത്ത മൂന്ന് വർഷത്തേയ്ക്കുള്ള മാനേജിംഗ് കമ്മിററിയേയുമാണ് അസോസിയേഷൻ തെരഞ്ഞെടുക്കുക.

ദേശീയവും, സ്വതന്ത്രവും, സ്വയം ശീർഷകവുമായ മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനും, മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ, അസോസ്യേഷനിൽ അദ്ധ്യക്ഷത വഹിക്കും.

1876-ൽ മുളന്തുരുത്തിയിൽ നടന്ന ആദ്യ സമ്മേളനത്തിനു ശേഷം മലങ്കര ഓർത്തഡോക്സ് സഭയുടെ 28-ാമത് അസ്സോസിയേഷനാണ് ഇന്ന് പത്തനംതിട്ടയിൽകൂടുന്നത്. 1000-ൽ ചില്വാനം പള്ളികളിൽ നിന്നുമായി 3000-ൽ പരം പ്രതിനിധികൾ അസോസ്യേഷനിൽ പങ്കെടുക്കും.

ഇന്ന് നടക്കുന്ന അസോസ്യേഷനും, ഡിസംബർ 31 ന് ആഘോഷിക്കുന്ന പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ചരമ രജതജൂബിലി സമാപന സമ്മേളനവും അവിസ്മരണീയങ്ങളാക്കി മാററുവാൻ വിവിധ കമ്മിററികൾ അഹോരാത്രം അദ്ധ്വാനിക്കുകയാണ്.

മലങ്കര ഓർത്തഡോക്സ് സഭ പരമാധികാരസമിതിയുടെ സമ്മേളനവും, അതേ സ്ഥലത്ത് അതിനടുത്ത ദിനത്തിൽതന്നെ സഭയെ പ്രതിസന്ധികളിൽ നിന്നും കൈപിടിച്ചുയർത്തി ആത്മീയതയുടെ ദീപ്തമുഖം കാഴ്ച വച്ച താപസശ്രേഷ്ഠനെ സ്മരിക്കുവാൻ ലഭിക്കുന്ന അപൂർവ്വാവസരവും, സമാകർഷകങ്ങളും, സമുജ്ജ്വലങ്ങളുമാക്കുവാൻ സംഘാടകർ കിണഞ്ഞു പരിശ്രമിക്കുകയാണ്. നീലമലകൾ കാവൽ നിൽക്കുന്ന, പുണ്യ സങ്കേതങ്ങളുടെ സംഗമഭൂവായ പത്തനംതിട്ടയിൽ, ഓർത്തഡോക്സ് സഭയുടെ അഭിമാനമായി മാറേണ്ട ഈ മഹാസമ്മേളനങ്ങൾക്കായി അതി വിപുലമായ സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

മലങ്കര മെത്രാപ്പോലീത്തായായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ 1 മണിക്ക് സമ്മേളനപ്പന്തലിലേയ്ക്ക് എഴുന്നള്ളുന്നതോടെ അസ്സോസ്യേഷൻ ഔദ്യോഗികമായി ആരംഭിക്കും. പ്രാർത്ഥനയ്ക്ക് ശേഷം ബേസിൽ അരമന ചാപ്പലിൽനിന്നും പരിശുദ്ധ കാതോലിക്കാ ബാവായേയും മററ് മെത്രാപ്പോലീത്താമാരെയും കാതോലിക്കേററ് ഹൈസ്ക്കൂൾ ബാൻറ് ട്രൂപ്പിൻെറ അകമ്പടിയോടെ സമ്മേളനപ്പന്തലിലേയ്ക്ക് ആനയിക്കും. സ്വീകരണ ഘോഷയാത്രയുടെ ഏററവും മുന്നിൽ ബാൻറ് ട്രൂപ്പ്, തുടർന്ന് കുരിശ്, കാതോലിക്കേററ് പതാക, അംശവടി, വേദപുസ്തകം മുതലായവ നീങ്ങും. അതിനു പിന്നിലായി ഭദ്രാസന കൗൺസിൽ അംഗങ്ങൾ, ഭദ്രാസന മാനേജിംഗ് കമ്മിററി അംഗങ്ങൾ, മെത്രാപ്പോലീത്താമാർ, പരിശുദ്ധ കാതോലിക്കാ ബാവാ എന്നിവർ നീങ്ങും. ഘോഷയാത്ര സമ്മേളന പന്തലിൽ എത്തിച്ചേരുമ്പോൾ ആചാര വെടികൾ മുഴങ്ങും.

പ്രതിനിധികളുടെ രജിസ്ട്രേഷൻ രാവിലെ 9 ന് ആരംഭിക്കും. വിവിധ ഭദ്രാസനങ്ങൾക്കായി പ്രത്യേക കൗണ്ടറുകൾ ക്രമീകരിച്ചിട്ടുണ്ട്. ട്രിബ്യൂണലിൻെറ ഓഫീസ് സമ്മേളന നഗറിൽ സ്ഥിരം പ്രവർത്തിക്കും. രജിസ്ട്രേഷനുള്ള സ്ഥലത്തിന് സമീപത്തായി അസ്സോസ്യേഷൻ ഓഫീസുണ്ട്. രജിസ്ട്രേഷനോടൊപ്പം ഉച്ച ഭക്ഷണത്തിനുള്ള കൂപ്പൺ വാങ്ങാം.

സമ്മേളന ദിവസം കോളജ് റോഡ് വൺവേയായിരിക്കും. തെക്കുനിന്നും വടക്കുനിന്നും വരുന്ന വാഹനങ്ങൾ സമ്മേളന നഗറിൽ ആളെ ഇറക്കിയ ശേഷം അഴൂർ ജംഗ്ഷനിൽകൂടി തിരിഞ്ഞ്

ശേഷം പേജ് - 3



യോഗത്തിൻെറ അദ്ധ്യക്ഷൻ; മലങ്കരമെത്രാപ്പോലീത്തായും കാതോലിക്കായുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ

## വോട്ടിംഗ്: അന്തിമചിത്രം

മേൽപ്പട്ട സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് മണിക്കൂറുകൾ മാത്രം അകലെയെത്തി നിൽക്കുമ്പോൾ മത്സരരംഗത്തുള്ള വൈദികർ ഇവരാണ്.

റമ്പാൻ ക്രിസ്ററഫോറസ്, ഫാ. എം.കെ. തോമസ്, ഫാ. കെ.വി. ഗീവർഗീസ്, ഫാ. പി.എം. കുറിയാക്കോസ്, ഫാ. ജോബ് തോമസ്, ഫാ. ഡബ്ളിയു. എ. ചെറിയാൻ, ഫാ. എം.എ. മത്തായി, ഫാ. ജോർജ് കുര്യൻ.



ഫാ. ഡബ്ല്യു. എ. ചെറിയാൻ



ഫാ. ഡോ. എം.എ. മത്തായി



ഫാ. ജോർജ് കുര്യൻ

## തെരഞ്ഞടുപ്പും വോട്ടിംഗും

1989 ഡിസംബർ 28 ന് പത്തനംതിട്ട കാതോലിക്കേററ് കോളജ് അങ്കണത്തിൽ കൂടുന്ന മലങ്കര സുറിയാനി അസോസ്യേഷൻ മേൽപട്ടസ്ഥാനത്തേയ്ക്ക് അഞ്ച് വൈദികരെ തെരഞ്ഞെടുക്കുകയാണല്ലോ.

സഭാവിശ്വാസികളുടെയും, വൈദികരുടെയും ഹിതത്തിന് തുല്യ പ്രാധാന്യം നൽകിയുള്ള തെരഞ്ഞെടുപ്പ് സഭയെ കൂടുതൽ ശക്തമാക്കും.

ഭൂരിപക്ഷത്തിൻെറ അഭിപ്രായം

ശേഷം പേജ് - 2




### അസോസിയേഷൻ

### പ്രതിനിധികൾ

## മെത്രാസനം

## തരുവനന്തപുരം

1. എം. ഡി. ജോൺ, രാജമന്ദിരം; ആയൂർ സെ. മേരീസ്. 2. ഗീവർഗീസ്ജോൺ, തറയിൽ പുത്തൻ വീട്; തെൻമല സെ. ജോർജ്. 3. സി. യോഹന്നാൻ, ഗ്രീൻലാൻഡ്; വരിഞ്ഞം സെ. ജോർജ. 4. ചെറിയാൻ ചാക്കോ, അരുവാത്തല പുത്തൻവീട്; തെൻമല സെ. ജോർജ്. 5. ഏബ്രഹാം വർഗീസ്, കമലാഗാർഡൻസ്; പേരൂർക്കട മാർ ഗ്രീഗോറിയോസ്. 6. സി. ഫിലിപ്പ്, സെ. ജോർജ്ഹൗസ്; മർഞ്ഞാട മാർ ഗ്രീഗോറിയോസ്. 7. കോശി മത്തായി, മമ്മൂട്ടിൽ; ശ്രീകാര്യം മാർ ബസേലിയോസ് ഗ്രീഗോറിയോസ്. 8. വൈ. മത്തായി; കണ്ടൂർവിള; മരങ്ങാട് മാർ ഗ്രീഗോറിയോസ്. 9. എൻ. ജോർജ്, പാറവിള; ചക്കുവരയക്കൽ മാർ അപ്രേം. 10. അലക്സ് മാത്യു, പടിഞ്ഞാററ് വീട്; അയ്പ്പള്ളൂർ ശാലേം സെ. ജോർജ്. 11. എൽ. ബേബി, റജി വിലാസം; കരീപ്ര സെ. ജോർജ്. 12. ഒ. ചെറിയാൻ, വാഴവിളപ്പറമ്പിൽ; കരീപ്ര സെ. ജോർജ്. 13. എ. പാപ്പച്ചൻ, മിനിഭവൻ; മാക്കുളം സെ. ജോർജ്. 14. പി. ഐ. ജോൺ, പീസ്പാർക്ക്; മാക്കുളം സെ. ജോർജ്. 15. ഷിബാ. പി. നെല്ലിവിള; ഇളമ്പൽ സെ. ജോർജ്. 16. ജേക്കബ് തരിയൻ, അനിൽഭവൻ; ആയൂർ സെ. മേരീസ്. 17. ജി. ചാക്കോപണിക്കർ, മേലെവിളയിൽ; കാഴിമതികാട് സെ. ജോർജ്. 18. പി. ഇ. സക്കറിയാ, പൊയ്കവിള പുത്തൻവീട്, കുണ്ടറ സെ. മേരീസ് യാക്കോബായ പുത്തൻ. 19. പി. ജി. വർഗ്ഗീസ് പണിക്കർ, പന്നയിൽ സുനിൽ ഭവൻ; കുഴിമതിക്കാട സെ. ജോർജ്. 20. കെ. കോശിപ്പണിക്കർ, കാഞ്ഞിരത്തുംമൂട്ടിൽ; കുണ്ടറ സെ. തോമസ്. 21. എൻ. തോമസ് പണിക്കർ, താന്നിവിള പുത്തൻ വീട്; കുണ്ടറ സെ. തോമസ്. 22. സി. എം. കുഞ്ഞുകുട്ടി, ചരുവിള പുത്തൻ വീട്; തുമ്പോട് മാർ കുറിയാക്കോസ്. 23. എം. കുഞ്ഞുകുഞ്ഞ്, കിഴക്കിടത്ത് പുത്തൻവീട്; തുമ്പോട് മാർ കുറിയാക്കോസ്.

## കൊല്ലം മെത്രാസനം

1. കുരുവിള മാത്യു, ഫാംലാൻഡ് കോട്ടേജ്, ശൂരനാട് സെ. മേരീസ്. 2. കെ. സി. ജേക്കബ്, കാട്ടിൽ വടക്കടെത്ത്; പുന്നമൂട് മാർ ഗ്രീഗോറിയോസ്. 3. അഡ്വ. ജോർജ് വർഗ്ഗീസ്, തെക്കേൽ ഭാഗം; പോരുവഴി മാർ ബസേലിയോസ് ഗ്രീഗോറിയോസ്. 4. ഫാ. എ. ഡാനിയേൽ, നെടികാലായിൽ, പോരുവഴി മാർ ബസേലിയോസ് ഗ്രീഗോറിയോസ്. 5. സി. ജോർജ്, ചാലിത്തോട്ടത്തിൽ; അടൂർ മർത്തശ്ശമൂനി. 6. കെ. കെ. കുറിയാക്കോസ്, കുററിയിൽ റോസിംഗ്സ് ശൂരനാട് സെ. മേരീസ്. 7. ഫാ. പി. ജോർജ, വല്യഴിയത്ത് പുത്തൻവീട്; കട്ടച്ചിറ സെ. മേരീസ്. 8. സി. ഉജ്ജ, ഗ്രേസ്ബംഗ്ലാവ്; മാധവശ്ശേരി മാർ തേവോദോറോസ്. 9. പി. വി. ഡാനിയേൽ, വിളയിൽ പുത്തൻവീട്; മെത്രാസപ്പള്ളി സെ. മേരീസ്. 10. എൻ. എം. തോമസ്, നെല്ലിവിളയിൽ; കരുവാററ സെ. മേരീസ്. 11. മാണി തോമസ്, അറയ്ക്കാപ്പറമ്പിൽ; കരുവാററ സെ. മേരീസ്

## നിരണം മെത്രാസനം

1. ബോബൻമാത്യു പുത്തൻപുരയിൽ; ആലപ്പുഴ സെ. തോമസ്. 2. മാത്യു എം. പീററർ, മട്ടയ്ക്കൽ. ആലപ്പുഴ സെ. തോമസ്. 3. ററി. സി. ചാക്കോ. തഴത്തെക്കുടത്തിൽ; കുന്നന്താനം സെ. മേരീസ് സഹിയോൻ. 4. കെ. സി. കുരുവിള, കിഴക്കേപ്പുറത്ത്; കാർത്തികപ്പള്ളി സെ. തോമസ്. 5. പി. സി. ചാക്കോ, പനയ്ക്കണൊമററത്ത് മണപ്രത്ത്; നിരണം കാതോലിക്കററ് സെ. തോമസ്. 6. ഡോ. ജോയി തോമസ്, കരോട്ട് കോയിക്കൽ; കുടുക്കപ്പെതാൽ മാർ ബസേലിയോസ്. 8. പി. മാത്യു, കോയിപ്പുറത്ത്; ഹരിപ്പാട് സെ. മേരീസ്. 9. എം. ഇ. ഫിലിപ്പോസ്, ചിറത്തലയ്ക്കൽ; കല്ലൂപ്പാറ സെ. മേരീസ്. 11. ജോർജ് ജോൺ, ചക്കച്ചിനേത്ത്; എവൂർ സെ. മേരീസ്.

1-ാം പേജിൽ നിന്ന്.

മാനിച്ച്, ജനാധിപത്യ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തി, ഐക്യത്തിൻെറ പൊതുധാരയിലൂടെ നീങ്ങിയോഗ്യരായ മേൽപട്ടക്കാരെ കണ്ടെത്തുകയാണ് ആളും അർത്ഥവും മുടക്കിയുള്ള അസോസ്യേഷൻ കൊണ്ടുദ്ദേശിക്കുന്നത്. സാധുവായ നാമനിർദ്ദേശങ്ങൾ അഞ്ചിൽ അധികം ഉണ്ടെങ്കിൽ ഫലം വോട്ടുചെയ്ത് നിർണ്ണയിക്കേണ്ടിയിരിക്കുന്നു.

ഒരാൾക്ക് എപ്പിസ്ക്കോപ്പ ആയോ, മെത്രാപ്പോലീത്താ ആയോ പട്ടം കൊടുക്കണമെങ്കിൽ ആ വ്യക്തിയെ, ആ സ്ഥാനത്തേയ്ക്ക് അസോസ്യേഷൻ തെരഞ്ഞെടുക്കണമെന്നും, ആ തെരഞ്ഞെടുപ്പിന് അസോസ്യേഷനിൽ ഹാജരുള്ള പട്ടക്കാരുടെയും അത്മായക്കാരുടെയും പ്രത്യേകം പ്രത്യേകം ഭൂരിപക്ഷമുണ്ടായിരിക്കേണ്ടതാണെന്നും സഭാഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൻ മൂലം സാധുവായ നാമ നിർദ്ദേശങ്ങൾ അഞ്ചിൽ കൂടുതൽ ഇല്ലെങ്കിലും അവ അസോസ്യേഷനിൽ ഹാജരുള്ള പട്ടക്കാരുടെ ഭാഗവും അത്മായക്കാരുടെ ഭാഗവും ഏകാഭിപ്രായമായി പാസ്സാക്കാത്ത പക്ഷം വോട്ടെടുപ്പ് ആവശ്യമായി വരും.

തുമ്പമൺ



ചെങ്ങന്നൂർ



## അസോസിയേഷനിൽ

### പങ്കെടുക്കുന്നവർ

## നിരണംമെത്രാസനം(തുടർച്ച)

12. പി.ററി. ജോൺസ്, മംഗലത്തിൽ; പാണ്ടനേരി സെ. മേരീസ്. 13. എബ്രഹാം പി. ഉമ്മൻ, കടവിൽ പുത്തൻപറമ്പിൽ, പാണ്ടനേരി സെ. മേരീസ്. 14. എ.ഒ. മാത്യു, ഐക്കാട്ട് കുന്നേൽ; വെണ്ണിക്കുളം സെ. ബഹനാൻസ്. 15. കെ.ഇ. എബ്രഹാം, കൂടത്തുംമുറിയിൽ; വെണ്ണിക്കുളം സെ. ബഹനാൻസ്. 16. സി.ജെ. അനിയൻ, ചിറയിൽ; കുററപ്പുഴ മാർ ഗ്രീഗോറിയോസ്.

## ചെങ്ങന്നൂർ മെത്രാസനം

1. സി.ജെ. എബ്രഹാം, ചെറിയമഠം; കൂരമ്പാല സെ. തോമസ്. 2. വി. വർഗ്ഗീസ്, മങ്ങാട്ട്; പുല്ലാട് സെ. ജോർജ്. 3. പി.കെ. മാത്യു, പുതിയവീട്ടിൽ; അറത്തിൽ സെ. ജോർജ്. 4. ഫാ. ജോൺപോൾ, ബഥേൽ അരമന, ചെങ്ങന്നൂർ; പാലിയൂർ സെ. മേരീസ് & സെ. ജോർജ്. 5. ജോൺതോമസ് മലയിൽ മേലെതിൽ; ചെറിയനാട് സെ. ജോർജ്. 6. ജോൺ നൈനാൻ, മോഹൻ വില്ല; ആറാട്ടുപുഴ സെ. മേരീസ്. 7. ററി. തോമസ്, ഇറപ്പുഴ പുത്തൻവീട്, ചെങ്ങന്നൂർ സെ. ഇഗ്നേഷ്യസ്. 8. ലോൺ ചെറിയാൻ ജോൺ, എൽ.ററി. കോളജ്; ചെറിയനാട് സെ. ജോർജ്. 9. പി.പി. മാത്യു, കടവന്തറ മോഹനസദനം; മെഴുവേലി ഹോളി ഇന്നസെൻറ്. 10. എം.വി. മാത്യു, മുളവനനടക്കേതിൽ പുലിയൂർ സെ. മേരീസ് & സെ. ജോർജ്. 11. കെ.ജി. ജോൺ, അനിലാൻഡ്; സീയോൻ പുരം സെ. തോമസ്. 12. കെ.ജി. ചാക്കോ, പുത്തൻപറമ്പിൽ വടക്കേതിൽ; സീയോൻപുരം സെ. തോമസ്. 13. കെ. ജോൺ, കാട്ടിപ്പറമ്പിൽ; പുലിയൂർ സെ. മേരീസ് & സെ. ജോർജ്. 14. കെ.ഒ. മാത്യു, പുങ്കംകുററിയിൽ; നെല്ലിക്കൽ സെ. മേരീസ്. 15. ററി.എം. അലക്സാണ്ടർ, തെരുവിൽ പള്ളിൽ മലയിൽ പേരിശ്ശേരി സെ. മേരീസ്. 16. ഫാ. ജോൺ പുത്തൻവീട്ടിൽ; പേരിശ്ശേരി സെ. മേരീസ്. 17. എം.വി. ജോൺ മാണിക്കശ്ശേരിൽ; പേരിശ്ശേരി സെ. മേരീസ്. 18. ജോൺമാത്യു മങ്ങാട്, പുല്ലാട് സെ. ജോർജ്. 19. കെ.സി. ഈപ്പൻ, കോവേലിൽ; മംഗലം സെ. ജോർജ്. 20. എം.ജി മാമ്മൻ, മലയിൽ ജ്യോതിർമയി; പുത്തൻകാവ് സെ. മരേീസ് കത്രീഡ്രൽ. 21. എം. മാത്യു വർഗീസ്, മേലൂട്ട്; ഇടവക, സെ. മേരീസ്. 22. കെ.കെ. ജോൺ, ഒററപ്ലാവിളയിൽ; കൂരമ്പാല സെ. തോമസ്.

## തുമ്പമൺ മെത്രാസനം

1. പി.പി. ജോർജ്, പത്താക്ക; തോണിക്കടവ് മാർ ഗ്രീഗോറിയോസ്. 2. കെ.ഇ. മത്തായി. വാഴപ്പിളേളത്ത്, തലച്ചിറ മാർ ബസേലിയസ്. 3. കെ.എ. തോമസ്, ആററൂർ; കാരൂർ സെ. പീറേറഴ്സ്. 4. കെ.ജി. ജോർജ്, കടമ്പാട്ട്; പൊന്നമ്പി സെ. ജോർജ്. 5. കെ.വി. അലക്സാണ്ടർ, കാണക്കാട്ട്; വെച്ചൂച്ചിറ മാർ ഗ്രീഗോറിയോസ്. 6. പി.കെ. സാമുവേൽ, തറയിൽ പുത്തൻവീട്, അങ്ങാടിക്കൽ സെു ജോർജ്. 7. കെ.എം. സാമുവെൽ, കൊച്ചുമുറിയിൽ; കൊന്നപ്പാറ സെ. പീറേറഴ്സ്. 8. സി.എം. വർഗീസ്, ചെങ്ങോട്ടാൽ; വെച്ചൂച്ചിറ മാർ ഗ്രീഗോറിയോസ്. 9. തോമസ് ചെറിയാൻ, വാഴക്കുന്നത്ത്; വടശ്ശേരിക്കര സെ. മേരീസ്. 10. പീ.വി. ജോൽജ്, പനയ്ക്കൽ; കൊന്നപ്പാറ സെ. പീറേറഴ്സ്. 11. ജെയിംസ് ഡാനിയേൽ, വലിയതറയിൽ വടശ്ശേരിക്കര സെ. മേരീസ്. 12. പി.ററി. രാജൻ, പടിയറ; കോട്ടയം (വള്ളിക്കോട്) സെ. മേരീസ്. 13 റജി മാത്യൂ, ചൊത്തും മാംഗൽ; മൈലപ്ര സെ. ജോർജ്. 14. ജെയിംസ് വർഗീസ്, ജിയിംസ്വില്ല, കൊടുമൺ മാർ ബഹനാൻ. 15. ജോർജ് ലൂകോസ്, കോന്നി എസ്റേററ്; കല്ലേലി സെ. തോമസ്. 16. ജി. യോഹന്നാൻ, ചാരുവേലിൽ പടിഞ്ഞാറേതിൽ; തട്ട സെ. ജോർജ്. 17. തോമസ് കോശി, ഇടക്കടവിൽ; മല്ലശ്ശേരി സെ. മേരീസ്. 18. ററി.ഇ. തോമസ്, തുമോണുമലയിൽ; വഞ്ചിത്ര ബസ്ഹനനിയ.

---

ക്കോപ്പയെ വാഴിച്ചു.—തിരുവല്ല ബഥനി പള്ളി.

1934 ജൂൺ 1/1109 ഇടവം 19 (M.E. & സു.ക) (സ്വർണ്ണ വെള്ളിയാഴ്ച)

കുറിയാക്കോസ് മാർ ഗ്രീഗോറിയോസ്, ഗീവർഗീസ് മാർ പീലക്സിനോസ്, ജോസഫ് മാർ സേവേറിയോസ് എന്നീ എപ്പിസ്ക്കോപ്പമാരെ മെത്രാപ്പോലീത്താമാരായി ഉയർത്തി.—കോട്ടയം പഴയ സെമിനാരി.

1938 ഏപ്രിൽ 7 / 1113 മീനം 25 (M.E. &സു.ക) വ്യാഴം (വച്ചനിപ്പുപെരുന്നാൾ)

അലക്സിയോസ് മാർ തെവോദോസിയോസ് (ബഥനി) എപ്പിസ്ക്കോപ്പായെ വാഴിച്ചു. — കണ്ടനാട് കർമ്മേൽ ദയറാ.

1940 മെയ് 6 /1115 മേടം 24 (M.E.)മേടം 23 (സു.ക) തിങ്കൾ (വി. ഗീവർഗീസ് സഹദായുടെ പെരുന്നാൾ)

തോമാ മാർ ദിവന്നാസ്യോസ് (പത്തനാപുരം) എപ്പിസ്ക്കോപ്പയെ വാഴിച്ചു. മാവേലിക്കര പുതിയ പള്ളി.

വർഗീസ് ജോൺ, തോട്ടപ്പുഴ.

# ഗുരു ശിഷ്യ സംവാദം

ഈശ്വരജ്ഞാനത്തിന്റെ കൊടുക്കൽ വാങ്ങലുകൾ ഭാരതീയ ചരിത്രത്തിൽ ഗുരുശിഷ്യസംവാദ രൂപമാണ്. സംവാദം നേരിട്ടുള്ള വാക്കിന്റെ ശക്തിയെ കുറിക്കുന്നു. വാക്ക് ബോധത്തിൽ നിന്നുദിച്ച് മറെറാരു ബോധത്തിൽ അസ്തമിക്കുന്നു. ഏകാന്തമായ ശാന്തിയിൽ ഗുരു ശിഷ്യനോടു സംസാരിക്കുന്നു. ശിഷ്യൻ ഗുരുവിന്റെ വാക്കുകൾക്കായി സാധന ചെയ്യുന്നവനാണ്. ഒരർത്ഥത്തിൽ വാക്കുതന്നെയാണ് ഗുരു. വാക്കിനെ സ്വീകരിക്കുന്ന ശിഷ്യൻ ഗുരുവിനെ സ്വീകരിക്കുകയാണ്. ഏററവും രഹസ്യാത്മകമായ തത്വംപോലും വാങ്മയമായ ഒരനുഭൂതിയാക്കി ശിഷ്യന് നല്കുവാൻ ഗുരുവിനു കഴിയുന്നു. ഇത് ഗുരുവിന്റെ അരുളാണ്. ചോദ്യം ചെയ്യാതെ അതിനെ അവൻ ഉൾക്കൊള്ളുന്നു. അതിനാൽ ധന്യനായിത്തീരുന്നു. മറെറാരുതരത്തിൽ കാണുകയാണെങ്കിൽ വാക്കിന്റെ പവിത്രതയിൽ ഗുരുശിഷ്യയോഗം സാധിക്കുകയാണ്. ഉപനിഷത്തുകളിൽ സംവാദത്തിന്റെ ആദിയിലും, അന്തത്തിലും ശാന്തിപാഠം ഗുരുവും ശിഷ്യനും ചേർന്ന് ധ്യാനിക്കുന്നുണ്ട്. ഈ പാരമ്പര്യം കേരളക്രൈസ്തവതയ്ക്ക് അന്യമല്ല. ഭാരതീയമായ ഗുരുശിഷ്യപരമ്പരയുടെ അനേകം കണ്ണികൾ ഇവിടെയുമുണ്ടല്ലോ. മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവാ തിരുമേനി തനിക്കു കിട്ടുന്ന അപൂർവ്വ നിമിഷങ്ങളിൽ ജിജ്ഞാസുവായ ശിഷ്യനോട് സംസാരിച്ചിട്ടുണ്ട്. കർമ്മവ്യഗ്രമായ മുഹൂർത്തങ്ങളിൽ ഈ സംവാദം അസാദ്ധ്യമാണ്. കർമ്മശ്രമത്തിന്റെ സ്വസ്ഥസന്ധ്യകളിലാണ് അദ്ദേഹം ഈ വാക്കുകൾ അധികം ഉരുവിട്ടത്. ജീവിതത്തിന്റെ മിഥ്യാവരണങ്ങളെ പിളർന്നുകൊണ്ട് സത്യത്തിലേക്ക് ശിഷ്യന്റെ കണ്ണുകളെ ഗുരു തുറക്കുന്നു. ക്രൈസ്തവമെന്നോ ഹൈന്ദവമെന്നോ വ്യവച്ഛേദിക്കാൻ സാധിക്കാത്ത ഏതോ ഒരു അദ്വൈതാനുഭവത്തിന്റെ അതിധന്യതയാൽ മഹത്വീകരിക്കപ്പെടുകയാണ് ഗുരുവചനങ്ങൾ. തെല്ലുനർമ്മത്തോടെ, അതീവ ലാഘവത്തോടെ, മായാത്ത ഒരു മന്ദഹാസത്തോടെ, സ്ഫടികംപോലെ തെളിയുന്ന ഉൾക്കാഴ്ചയോടെ, പൂർവപിതാക്കളുടെ വചനസ്മൃതികളോടെ, സ്നേഹവും കരുണയും നിറഞ്ഞ സ്വരത്തിൽ അദ്ദേഹം സംസാരിക്കുന്നു. കേൾവി മാത്രമായിത്തീരുന്ന ശിഷ്യന്റെ കാതുകളിലേക്ക് അവന്റെ ജന്മങ്ങളുടെ നിറവായി ഗുരുവാണി വീണലിയുന്നു.

ഗുരു- നമ്മടെ കൂദാശകളിൽ പലതിലും ധൂപക്കുററിയും അതുപോലെ മററു ചിലവയും കൈയിലെടുത്തു രണ്ടു പ്രാവശ്യം ഇടത്തേക്കും തുടർന്ന് ഒരു പ്രാവശ്യം വലത്തേക്കും, ചുററുന്നതിന്റെ അർത്ഥമെന്തെന്നറിയാമോ?

ശിഷ്യൻ- അറിവില്ല.

ഗുരു- എങ്കിൽ കേട്ടുകൊള്ളുക. രണ്ടുപ്രാവശ്യം ഇടത്തേക്കു ചുററുന്നതിൽ ഒന്നാമത്തേത് ആദ്യമനുഷ്യനായ ആദത്തിന്റെ പാപത്തേയും രണ്ടാമത്തേത് സ്വന്തപാപത്തേയും കുറിക്കുന്നതും. അങ്ങനെ രണ്ടുവിധത്തിൽ ഇടത്തേതിന്റെ മക്കളായിത്തീർന്ന നമ്മേ കർത്താവിന്റെ രക്ഷാകരമായ ബലിയാൽ വലത്തേതിന്റെ മക്കളാക്കിയതിനെ ഓർത്ത് ഒരു പ്രാവശ്യം വലത്തേക്കും ചുററുന്നതാകുന്നു.

ശിഷ്യൻ- മായാക്കാഴ്ചയും സത്യവും തമ്മിലുള്ള വ്യത്യാസമെന്ത്?

ഗുരു- ആകാശത്തിൽ മഴവില്ലു കാണാറുണ്ടല്ലോ. കാഴ്ചയ്ക്ക് അത് മനോഹരമാണ്, പക്ഷേ അതിന് ശാശ്വതഭാവമില്ല. വെറും മായക്കാഴ്ച. സത്യം യഥാർത്ഥവും ശാശ്വതവുമായിരിക്കും. സത്യത്തിനു മാത്രമെ സ്വാതന്ത്ര്യം തരുവാൻ കഴിയുകയുള്ളു. ഏതെല്ലാം എതിർശക്തിയാൽ സത്യത്തിനു നേരെ ഉയർന്നാലും, ഒടുവിൽ സത്യം വിജയം കൈവരിക്കും.

ഗുരു- തനിക്കുതന്നെ വിശ്വാസമുണ്ടോ?

ശിഷ്യൻ- ഉണ്ട്.

ഗുരു- ആയിരം രൂപാ തന്റെ കൈവശം ഇപ്പോൾ തന്നാൽ താനെന്തുചെയ്യും?

ശിഷ്യൻ- ഞാൻ അതു തൽക്കാലം മാനേജരച്ചനെ ഏല്പിക്കും.


ഗുരു- ഒരുവന് തന്നെത്തന്നെ വിശ്വാസമുണ്ടെങ്കിൽ മറെറാരുത്തനെ രൂപാ ഏല്പിക്കേണ്ട ആവശ്യമില്ല. ആർക്കും തന്നെ അവരവരെ വേണ്ടത്ര വിശ്വാസം ഇല്ല. എന്നാൽ അവനവനെത്തന്നെ വിശ്വാസവും മതിപ്പും ഉണ്ടെങ്കിൽ മാത്രമെ ജീവിതത്തിൽ വിശ്വാസം ഉണ്ടാകയുള്ളു.

ശിഷ്യൻ- ലോകത്തിലുള്ള സർവത്തേയും മൂന്നായി തരംതിരിക്കാമെന്ന് അവിടുന്ന്, ഒരിക്കൽ സംഭാഷണമദ്ധേ്യ കല്പിച്ചല്ലോ. അതിനെക്കുറിച്ച് അല്പം അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്.

ഗുരു- മായ, മായയുടെ മായ, യാഥാർത്ഥ്യം ഇവയാണ് ആ വിഭാഗങ്ങൾ. മായയ്ക്ക് ഉദാഹരണമായി പറയുന്നത് ചിത്രങ്ങളെയെയാകുന്നു. യഥാർത്ഥങ്ങളോട് നൂറുശതമാനവും യോജിപ്പുണ്ടായിരിക്കാൻ സാധിച്ചാലും പടം എന്നാണ് അതിനു പേരു പറയുന്നത്. മഴവില്ല് മായയുടെ മായയ്ക്ക് ഉദാഹരണമാണ്. നമ്മുടെ വെറും കാഴ്ചയെന്നല്ലാതെ ചിത്രങ്ങളെപ്പോലുള്ള ലക്ഷണങ്ങൾ പലതും മഴവില്ലിനില്ല. വെറും മായക്കാഴ്ചതന്നെയത്രെ ഇതു രണ്ടുമല്ല മനുഷ്യൻ. അവൻ യഥാർത്ഥമാകുന്നു. മഴ പെയ്യുമ്പോൾ കിളിർക്കുന്നതും വെയിലുറയ്ക്കുമ്പോൾ വാടി ഇല്ലാതായിപ്പോകുന്നതുമായ പുൽച്ചെടിപോലെ ചിന്തിച്ചുകൊണ്ട് തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്നുള്ള ജീവിതക്കാരുണ്ട്. അതുപോലെതന്നെ കാപട്യജീവിതക്കാരും കുറവല്ല. മനുഷ്യൻ യഥാർത്ഥമായി ജീവിക്കണം. അതാണാവശ്യം കൂടാതെ താൻ ഒരു യാഥാർത്ഥ്യമാണെന്നു ബോദ്ധ്യമുള്ളവനെക്കൊണ്ടു മാത്രമെ ചരിത്രത്തിന്റെ ഏടുകളിൽ മായാത്ത മുദ്ര പതിപ്പിക്കുവാൻ കഴിയുകയുള്ളു. പരിശുദ്ധനായ പരുമല തിരുമേനിതന്നെ മികച്ച ഉദാഹരണം.

ശിഷ്യൻ- ബാർ എബ്രായയെക്കുറിച്ച് പലപ്പോഴും പല കാര്യങ്ങളും പറഞ്ഞുതന്നിട്ടുണ്ടല്ലോ. കുട്ടികൾക്കു നാമകരണം നടുത്തുന്നതിനെപ്പററി അദ്ദേഹത്തിന്റെ അഭിപ്രായം എന്താണ്?

ഗുരു- ഏതു കുടുംബത്തിലെ അംഗമാണ് എന്നു മററുള്ളവർ അറിയുവാൻ ഒരു പേരിടണം. മാതാവിനും പിതാവിനും പിന്നീടു കുഞ്ഞിനും മാത്രം അർത്ഥം അറിയാവുന്ന പേരിടണം. ഒരു കുഞ്ഞിനുവേണ്ടി നോക്കിപ്പാർക്കുമ്പോൾ ദൈവം തരുന്ന കുഞ്ഞിനെ ഏതൊരു ആഗ്രഹത്തിലോ പ്രതീക്ഷയിലോ ഇരുന്നിട്ടു ലഭിച്ചുവോ ആ സംഗതി മുൻനിറുത്തി ഗൂഢാർത്ഥപ്പേരു നൽകുന്ന പക്ഷം ആ കുഞ്ഞിന്റെ ജീവിത വിജയത്തിന് അത് സഹായിക്കുന്നതാണ്. വെള്ളത്തിൽനിന്നും വലിച്ചെടുക്കപ്പെട്ടവനെന്നർ



ത്ഥമുള്ള മോശ എന്ന പേരാണ് മോശയെ ഇസ്രായേലിന്റെ സ്വാതന്ത്ര്യത്തിന്റെ നായകത്വം ഏറെറടുക്കാൻ പ്രേരിപ്പിച്ചത് എന്ന് ന്യായമായി ചിന്തിക്കാം.

ഗുരു- ലോകത്തിൽ ഒരു വ്യക്തിക്ക് വിശ്വസിച്ചാശ്രയിക്കാൻ കഴിയുന്നതാരാകുന്നു?

ശിഷ്യൻ- അറിയില്ല.

ഗുരു- എന്നാൽ കേട്ടുകൊള്ളുക. ഈ ലോകത്തിൽവച്ച് ഒരുവന് ഏററവും വിശ്വസിക്കാവുന്നത് അവനവനെത്തന്നെയാണ്. ചെറുതോ വലുതോ ആയ ഏതു കാര്യം ആയിരുന്നാലും സ്വയം സമ്മതത്തിലും ആത്മവിശ്വാസത്തിലും ധൈര്യത്തിലും ചെയ്താൽ ദുഃഖിക്കേണ്ടി വരികയില്ല. എന്നാൽ അന്യനിൽ ആശ്രയിക്കുകയും അന്യനെ വിശ്വസിക്കുകയും ചെയ്താൽ ചിലപ്പോൾ മനപ്രയാസമനുഭവിക്കേണ്ടതായിവരും. ആകയാൽ സ്വന്തം തീരുമാനത്തിലും വിശ്വാസത്തിലും ആശ്രയിച്ചു മാത്രമെ ഒന്നു പ്രവർത്തിക്കാവൂ.

ശിഷ്യൻ- എല്ലാം എല്ലാ സ്ഥാനത്തും വിലമതിക്കപ്പെടുമോ?

ഗുരു- ഇല്ല. വ്യക്തിയേയും, സന്ദർഭത്തെയും ആശ്രയിച്ചാണ് പ്രവർത്തി വിലയിരുത്തപ്പെടുന്നത്. മഹാത്മാഗാന്ധി മൂന്നാം ക്ലാസ് തീവണ്ടിയിൽ യാത്ര ചെയ്താൽ ബഹുമാനമായി ചിന്തിക്കുന്നതുപോലെ, മൂന്നാം ക്ലാസ് വണ്ടിയിൽ യാത്ര ചെയ്യുന്നവരെല്ലാം ബഹുമാനിക്കണമെന്നില്ല.

ശിഷ്യൻ- സത്യം എന്നാൽ എന്താണെന്ന് ഒന്നു വിശദീകരിച്ചു തന്നാൽ ഉപകാരമായിരുന്നു.

ഗുരു- ഒരുവന്റെ ബുദ്ധി, ശരീരം, മനസ്സ് എന്നീ മൂന്നും യോജിച്ച് ഏകാഗ്രപ്പെട്ടിരുന്നാൽ സത്യമാകുന്നു. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ ത്രിത്വം ഒന്നിനോടൊന്ന് യാതൊരു തരത്തിലും പ്രതികൂലഭാവമില്ലാതെയിരിക്കുന്നതുകൊണ്ട് ദൈവം സത്യമാകുന്നു എന്നു പറയുന്നു. ഇതുപോലെതന്നെ മനുഷ്യനും, ബുദ്ധിയും, ശരീരവും, ആത്മാവും ഒരേകാര്യത്തിൽ തുല്യഭാവത്തിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവർത്തി സത്യമായിരിക്കും. യാതൊരു ശക്തിക്കും അതിനെ പരാജയപ്പെടുത്തുവാൻ കഴിയുകയില്ല തന്നെ. അത്ഭുതസിദ്ധി എന്നു പറയുന്നതിന്റെ തത്വം ഇതത്രെ. പുരോഹിതകർമ്മത്തിന്റെ ശക്തിയുടെ രഹസ്യവും മേല്പറഞ്ഞ കേന്ദ്രീകണത്തിൽ അധിഷ്ഠതമാകുന്നു..

ശിഷ്യൻ- ഒരുവൻ ഭാഗ്യവാനാകുന്നത് എപ്പോഴാണ്?

ഗുരു- ഒരുവൻ ജനിക്കുന്നതിനു മുമ്പ്, ജീവിതയാത്രയിലെ സംഭവങ്ങൾക്കുമുമ്പ്, മരണത്തിനുമുമ്പ് എന്നിങ്ങനെ നമ്മുടെ ഏതവസരത്തിലും മുമ്പായി ദൈവം നമ്മെ അറിയുമെങ്കിൽ, ആരെ അറിയുന്നുവോ അവനാണ് ഭാഗ്യവാൻ. കത്തികൊണ്ട് മുറിയുവാൻ ഇടയുണ്ട് എന്ന് മുൻകൂട്ടി അറിയുന്ന അമ്മയുടെ പരിചരണത്തിൽ ഇരിക്കുന്ന കുഞ്ഞ് ആപത്തുണ്ടാകാതെ സൗഖ്യമായിരിക്കുന്നതുപോലെ നമ്മെ പരിപാലിക്കുന്ന ദൈവം എല്ലാ കാര്യങ്ങളും, മുൻകൂട്ടി അറിയുന്ന പക്ഷം, നാം ഭാഗ്യവാന്മാരാണ്. പക്ഷേ, ഹൃദയവിശുദ്ധിയുള്ളവരെ മാത്രമെ ദൈവം കാണുന്നുള്ളു.

ശിഷ്യൻ- 'ഞാനാകുന്നവൻ ഞാനാകുന്നു' എന്ന വാക്യത്തിന്റെ പൊരുളെന്താണ്?

ഗുരു- ഈ ആശയത്തിൽ സർവ്വ അധീശത്വം നിറഞ്ഞ് ഒതുങ്ങിനില്ക്കുന്നു. എനിക്കുണ്ട് എന്നു പറയുവാൻ പരാധീനത നിഴലിടുന്നു. എനിക്ക് ഒരു കുടയുണ്ട് എന്നു പറഞ്ഞാൽ അതു സ്വന്തമാകാം മററാരുടേയും ആകാം. എന്നാൽ എന്റേതാണെന്നു പറഞ്ഞാലോ അത് ഇഷ്ടം പോലെ വിനിയോഗിപ്പാൻ സ്വാതന്ത്ര്യം ഉണ്ടെന്നു മനസ്സിലാകുന്നു. ഇതുപോലെ ഞാൻ തനിച്ചല്ല, ഞാനെന്റെ ദൈവത്തിന്റെ കൈയിലെ ആയുധമാകുന്നു എന്നു പരിപൂർണ്ണബോധ്യം ഉള്ള ഒരുവന് ജീവിതത്തിൽ ഭാരപ്പെടേണ്ടതില്ല.

**ഡോ. സാമുവേൽ ചന്ദനപ്പള്ളി**

ശിഷ്യൻ: മനുഷ്യന്റെ ഏററവും വലിയ ബലഹീനത എന്താണ്?

ഗുരു: അവന്റെ തീരുമാനത്തെ അവനെക്കൊണ്ടു തന്നെ അനുസരിപ്പിക്കാൻ കഴിയാതെ പോകുകയെന്നുള്ളതാണ്. ആരുടെയും സമ്മർദ്ദവും പ്രേരണയും കൂടാതെ നാം ചെയ്യുന്ന തീരുമാനങ്ങൾപോലും നമുക്ക് അനുസരിപ്പാൻ കഴിയാതെ പോകുന്നുണ്ട്. ജീവിതവിജയത്തിന് സ്വന്തതീരുമാനത്തെ തന്നെ കൊണ്ടു തന്നെ അനുസരിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ശിഷ്യൻ: ആരാണ് ശ്രേഷ്ഠൻ?

ഗുരു: തെററു തെററാണെന്നു സമ്മതിക്കുന്നത് മാനക്കേടായി ചിന്തിക്കുന്ന ചിലരുണ്ട്. തെററു തെററാണെന്ന് കലവറകൂടാതെ സമ്മതിക്കുന്നവൻ ശ്രേഷ്ഠനാകുന്നു. ആ സ്വഭാവമുള്ളവനേയെ കൂട്ടുകാരനായി സ്വീകരിക്കാവൂ. ഈ ലോകത്തിൽ തെററും കുററവും ഇല്ലാത്തവരായോ ഉണ്ടാകാത്തവരായോ ആരും ഇല്ല. തങ്ങളുടെ കുററങ്ങളെ ഒളിക്കയും മറയ്ക്കുകയും ചെയ്യുന്നവനെ നീചനെപ്പോലെ കരുതണം.

ശിഷ്യൻ: അനുഭവങ്ങളെ യുക്തിയേക്കാളും ബുദ്ധിയേക്കാളും ബഹുമാനിച്ചു സ്വീകരിക്കണമോ?


ഗുരു: തീർച്ചയായും കൊലപാതകൻ നിരപരാധിയാണെന്ന് യുക്തിയും ബുദ്ധിയുമുപയോഗിച്ച് സ്ഥാപിക്കാൻ കഴിയും. സ്കൂളിൽ ആദ്യമായി പോകുന്ന കുഞ്ഞിനോട് മാതാപിതാക്കന്മാർ നല്കുന്ന ഉപദേശമനുസരിച്ച് ആരോടും സംസാരിക്കുകയോ കൂട്ടുകൂടുകയോ ചെയ്യാതെ പാവത്താനായി അഥവാ നല്ലവനായി ഇരുന്നാൽ മററു കുസൃതിക്കുട്ടന്മാരുടെ ആക്ഷേപവും പരിഹാസവും ഉപദ്രവങ്ങളും ഏൽക്കേണ്ടി വരികയെന്നുള്ളതാണ് അനുഭവം. നല്ലവനായ തന്നിൽ എല്ലാവർക്കും ഇഷ്ടമായിരിക്കും എന്നുള്ള ഉപദേശവും അനുഭവും ആപൈതലിന്റെ ജീവിതത്തിൽ പൊരുത്തം ഇല്ലെന്നു കാണപ്പെടുന്നു അനുഭവം യുക്തിയെയും ബുദ്ധിയെയും മറികടന്നു വരാവുന്നതുകൊണ്ട് അനുഭവത്തിന്റെ വെളിച്ചത്തിൽ നല്കുന്ന ഉപദേശത്തിനു വിലകല്പിക്കുകയും സ്വീകരിക്കുകയും ചെയ്യണമെന്ന്, ഇവിടെ ചൂണ്ടിക്കാട്ടിയ ഉദാഹരണത്തിൽ നിന്ന് വ്യക്തമല്ലോ.

ശിഷ്യൻ: ഓരോ വ്യക്തിയും ഓരോ തലമുറയ്ക്ക് യോജിച്ചവനായി ജീവിക്കണമെന്നു അവിടുന്നു കല്പിക്കാറുണ്ടല്ലോ. സ്വജീവത പശ്ചാത്തലത്തിൽ അതൊന്നു വിശദീകരിച്ചു തരാമോ?

ഗുരു: തരാമല്ലോ, ഒരുവൻ ഏതു തലമുറയിൽ ജനിച്ചവനായാലും ജീവിക്കുന്നവനായാലും അതതു തലമുറയ്ക്കു യോജിച്ചവനായി ജീവിക്കേണ്ടതാണ്. എന്നാൽ കാതലായ തത്വത്തിൽനിന്നും വ്യതിചലിക്കുവാൻ പാടില്ലാത്തതാകുന്നു. നമ്മുടെ ജീവിതം തന്നെ ശ്രദ്ധിക്കുക. പഠിച്ചിരുന്ന കളരിയിൽ ചട്ടൻ പിള്ളയും, ശെമ്മാശനായിരുന്നപ്പോൾ റീശ്ശായും, റമ്പാനായപ്പോൾ സിമ്മനാരി മാനേജരായും, മെത്രാപ്പോലീത്ത ആയപ്പോൾ ഭരണമുള്ളവനായും, പിന്നീട് കാതോലിക്കായായും, മലങ്കരമെത്രാപ്പോലീത്താ ആയും ഇരിക്കുവാൻ കഴിഞ്ഞത് അതത് തലമുറയ്ക്കനുസരിച്ച് ജീവിക്കുവാൻ അഥവാ സേവനം ചെയ്യുവാൻ കഴിവുള്ളവനായതുകൊണ്ടാണ്. ഇക്കാലത്ത് ആദ്യമെ ലാഭനഷ്ടം കണക്കുകൂട്ടിയ ശേഷമെ സേവനത്തിനിറങ്ങുകയുള്ളു. അതുകൊണ്ട് സേവനക്കാരനും സേവിക്കപ്പെട്ടതും പരാജയത്തിൽ കലാശിക്കുന്നു. ലാഭനഷ്ടം പരിഗണിക്കാതെ പ്രായത്തിനും, കാലത്തിനും, സ്ഥാനത്തിനും അനുയോജ്യമായ സേവനം ചെയ്യുന്നവന് സന്തോഷത്തിനും സംതൃപ്തിക്കും വകയുണ്ട്. അങ്ങനെയുള്ളവൻ അനശ്വരനായിരിക്കും.

മഹാസിദ്ധന്മാരായ ഭക്തന്മാർ എപ്പോഴും ജീവിതത്തിന്റെ നേർക്ക് പ്രസാദാത്മകത്വം പുലർത്തിയിരുന്നു. അവരുടെ നർമ്മോക്തികളിൽ ചിന്താസൗരഭം കലർന്നിരിക്കും. അപൂർവ്വാശയങ്ങൾ ഔചിത്യപൂർവ്വം വിന്യസിച്ചിരിക്കും. മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയന്റെ സുരഭിലസൂക്തങ്ങൾ ഫലിതമയങ്ങളാണ്; ആലോചനാമൃതങ്ങളും ചില സന്ദർഭങ്ങൾ ചൂണ്ടിക്കാ

തുമ്പമൺ (തുടർച്ച)




## തുമ്പമൺ (തുടർച്ച)

19. ററി.എം. അലക്സാണ്ടർ, തെങ്ങുംതറയിൽ; പാലമൂട് മാർ കുര്യാക്കോസ്. 20. കെ. ജോർജ്, മാമ്മൂട്ടിൽ; കല്ലേലി സെ. ജോർജ്. 21. കെ.ററി. തോമസ്, കാവിൽ; കാട്ടൂർ സെ. മേരീസ്. 22. കെ. ജി. ജോൺ, മാമ്മൂട്ടിൽ; കല്ലേലി സെ. ജോർജ്. 23. എം.സി. ഏബ്രഹാം, തയ്യിൽ; അയിരൂർ ശാലേം സെ. ജോൺസ്. 24. കെ.പി. ഗീവർഗീസ്, കൊളക്കോട്; കരികുളം സെ. മേരീസ്. 25. പി.സി. ജോൺ, ഹെവൻ ദഫോർഡ്ഡട് എസ്റേററ്; കോന്നി സെ. ജോർജ്. 26. ഷാജി. മഠത്തിലേത്ത്, അതിയാളൻകാവ്; തിരുമുററം സെ. മേരീസ്. 27. വൈ. തോമസ്, മാവേലിൽ; നെടുമൺകാവ് സെ. മേരീസ്. 28. കെ.എസ്. പാപ്പച്ചൻ, കോയിപ്പുറത്ത്; ചെന്നീർക്കര സെ. ജോർജ്. 29. വി.എം. കുരുവിള, പുത്തൻപുരയ്ക്കൽ; എലിമുള്ളംപ്ളാക്കൽ സെ. ജോർജ്. 30. ടി.പി. ജേക്കബ്, കോട്ടപ്പുറത്ത്; നെടുമൺകാവ് സെ. തോമസ്. 31. വി.ററി. വർഗീസ്, മണ്ണിൽ; പനയ്ക്കൽ മാർ ബർസൗമാ. 32 വി.എം. സാമുവേൽ, വലിയകാലായിൽ; പാനയ്ക്കൽ മാർ ബർസൗമാ. 33. എൻ.കെ. യോഹന്നാൻ, നെടിയവിള ശങ്കരത്തിൽ; കിഴക്കുംപുറം സെ. ജോർജ്. 34. കെ.എം. അലക്സാണ്ടർ, ആററുകുഴിൽ; കരികുളം സെ. മേരീസ്. 35. മാത്യു ഏബ്രഹാം, നെല്ലിക്കുന്നത്; കാരൂർ സെ. പീറേറഴ്സ്. 36. സൈമൻ ഫിലിപ്പോസ്, മണ്ണുകുന്നിൽ; അയിരൂർ ശാലേം സെ. ജോൺസ്. 37. എം.കെ. ഏബ്രഹാം, മേലേൽതെക്കേതിൽ; തട്ട സെ. ജോർജ്. 38. പി.ജി. വർഗീസ്, മെത്തംകുളത്ത്; അങ്ങാടിക്കൽ മാർ. ബസേലിയോസ്. 39. എം.വി. ജോർജ്, വാർവിളാഹം; വട്ടക്കാവ് സെ. പീറേറഴ്സ് & സെ. പോൾസ്. 40. മത്തായി ഏബ്രഹാം, തേക്കുംകാട്ടിൽ; കുരീലയ്യം സെ. ജോൺസ്. 41. സി.വി. ശമുവേൽ, ചാരുവിള; വട്ടക്കാവ് സെ. പീറേറഴ്സ് & സെ. പോൾസ്. 42. ഇടിക്കുള ജോൺ, കുററാനിക്കൽ പുത്തൻവീട്; നരിയാപുരം ഇമ്മാനുവേൽ. 43. കെ. എ. തമ്പി, കുളത്തൂർ; കുരീലയ്യ സെ. ജോൺസ്. 44. കെ. ജി. അലക്സാണ്ടർ, കൊപ്പാറ; ചന്ദനപ്പള്ളി സെ. ജോർജ്. 45. ററി.ജി. തോമസ്കുട്ടി, തടത്തിൽ; ളാക്കൂർ സെ. മേരീസ്. 46. കെ.എം. ശാമുവേൽ, ശങ്കരത്തിൽ; എലിമുള്ളുംപ്ളാക്കൽ സെ. ജോർജ്. 47. ററി.പി. ദാനിയേൽ, തെക്കേമേലെമുറിയിൽ; കോട്ടയം (വള്ളിക്കോട്) സെ. മേരീസ്. 48. പി.ഡി. ശാമുവേൽ, പരയാരയ്യത്ത്; കോട്ടയം (വള്ളിക്കോട്) സെ. ജോർജ്. 49. എ.ററി. ജോർജ്, മണ്ണിൽ പീടികയിൽ; പ്രക്കാനം സെ.മേരീസ് & സെ. ജെയിംസ്

## ഇടുക്കി മെത്രാസനം

1. എം.എ. സഖറിയ, ചൂരക്കുളം എസ്റേററ്; വണ്ടിപ്പെരിയാർ സെ. മേരീസ്. 2. ററി.ജി. ജോസ്, മഞ്ഞുമല എസ്റേററ്, വണ്ടിപ്പെരിയാർ; വാരവഴ സെ. മേരീസ്. 3. എ.പി. ഫിലിപ്പ്, ഏറക്കാട്; വണ്ടൻമേട് സെ. തോമസ്. 4. ഇട്ടിഐപ്പ്, പുരയിടത്തിൽ പറമ്പിൽ; കൊച്ചറ സെ.മേരീസ്. 5. കോശി ജോർജ്, ഉഷസ്സിൽ; കട്ടപ്പന സെ. മേരീസ്. 6. വി.സി. ഏബ്രഹാം, പള്ളിക്കാട്ടിൽ; അയ്യപ്പൻ കോവിൽ സെ. മേരീസ്. 7. കോശി ജോൺ, വടശ്ശേരി കിഴക്കേതിൽ, അയ്യപ്പൻകോവിൽ സെ. മേരീസ്.

## കോട്ടയം മെത്രാസനം

2. എം.ജെ. ജോൺ, മാമ്മൂട്ടിൽ; മുണ്ടക്കയം സെ. തോമസ്. 3. ഒ.എ. ആൻഡ്രൂസ്, ഒരുവട്ടിശാ; കുമരകം സെ. ജോൺസ്. 4. എൻ.സി ജോർജ്, വേണാട് ബംഗ്ലാവ്; കുമരകം സെ. ജോർജ് 5. സി.എം. ജോൺ, ചാലക്കുഴി; കനകപ്പാലം സെ. ജോർജ്. 6. പി.ഒ. ശമുവേൽ, പീടികപ്പറമ്പിൽ; കനകപ്പാലം സെ. ജോർജ്. 7. പോത്തൻ കുര്യൻ, തടത്തിൽ; പരിയാരം സെ. പീറേറർസ്.

8. വർഗീസ് വർക്കി, നരിമററത്തിൽ; പരിയാരം സെ. പീറേറഴ്സ്.

## സംവാദം തുടർച്ച

ണിക്കട്ടെ.

ഒന്ന്: എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലിസലാസി ബാവാ തിരുമേനിയെ സന്ദർശിക്കാൻ എത്തിയ സന്ദർഭം. ബാവാതിരുമേനിയുടെ സ്വാഗതോക്തി: "ജറുശലേം ദേവാലയത്തിൽവച്ച് ശിശുവായ യേശുവിനെ കണ്ട വൃദ്ധനായ ശിമോന്റെ പ്രതീതിയാണ് എനിക്ക് ഇന്ന് അങ്ങയെ കണ്ടപ്പോൾ". ഓരോ വാക്കിന്റെയും അർത്ഥവ്യാപ്തി ആലോചിച്ചു നോക്കുക. ചക്രവർത്തിയുടെ മറുപടി ഇങ്ങനെയായിരുന്നു: "അവിടുത്തെപ്പോലെ പരിശുദ്ധനായ ഒരു മനുഷ്യനെ കാണുവാൻ സാധിക്കുന്നത് ഒരു രാജാവിനുപോലും മഹാഭാഗ്യമാണ്."

രണ്ട്: സഭകളുടെ അഖില: ലോക സമ്മേളനത്തിൽ സംബന്ധിക്കാൻ ബാവാ തിരുമേനി ലണ്ടനിലെത്തി. തിരുമേനിയുടെ അനുപമമായ ആകാരഭംഗിയും, വ്യക്തിത്വത്തിലും ആകൃഷ്ടരായ പത്രപ്രവർത്തകർ കുസൃതി ചോദ്യങ്ങൾ അദ്ദേഹത്തിന്റെ നേരെ ▶

കണ്ടനാട്




## കോട്ടയം (തുടർച്ച)

9. വി. റ്റി. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പ, വടക്കുംപാടത്ത്; പരിയാരം സെ. പീറ്റേഴ്സ്.

## അങ്കമാലി മെത്രാസനം

1. ഫാ. പി.വി. ഫിലിപ്പ്, അരിമ്പൻചിറയിൽ; ചാത്തമറ്റം ശാലേം മാർത്തമറിയം. 2 വി.വി. ഇട്ടൻ, വട്ടക്കാട്ട്; മാറാടി സെ. മേരീസ്. 3. ഡോ. ജോർജ് മാത്യു MGDM ഹോസ്പിററൽ, കങ്ങഴ; കോട്ടപ്പടി ഹെബ്രോൻ സെ. ജോർജ്. 4. കെ. സി. പൈലി, കരുട്ടുകുളത്തിൽ; ചാത്തമററം കർമ്മേൽ. 5. സാബു തൊട്ടിയിൽ; ചാത്തമററം ശാലേം മാർത്തമറിയം. 6. ബോബൻ മാത്യു, പടിഞ്ഞാറേറതിൽ; ചാത്തമററം ശാലേം മാർത്തമറിയം. 7. ഫാ. എൻ. ഡി. ഡാനിയേൽ, നെട്ടുംപുറത്ത്; മാറാടി സെ. മേരീസ്. 8. എം. റ്റി. ജോർജ്, മേയ്കമാലിൽ; ഓടയ്ക്കാലി സെ. മേരീസ്. 9. ബേബി. പി. ജി., പരത്തുവയലിൽ; ഓടയ്ക്കാലി സെ. മേരീസ്. 10. കെ. ഇ. ആബേൽ, കട്ടഞ്ഞനാൽ; കോതമംഗലം മാർത്തോമ്മൻ ചെറിയപള്ളി. 11. പി. റ്റി. തോമസ്, പാലക്കുന്നിൽ; മൂന്നാർ സെ. മേരീസ്. 12. എം. റ്റി. തോമസ്, പുത്തൻകുളം; മൂന്നാർ സെ. മേരീസ്. 13. റ്റി. ഇ. പൈലി, കുരുട്ടുകളത്തിൽ; ചാത്തമററം കർമ്മേൽ. 14. ഫാ. പി. എം. പൗലോസ്, പിടിഞ്ഞാറുകുടിയിൽ; ചാത്തമററം കാർമ്മേൽ. 15. എം. കെ. ജോസഫ്, മാടശ്ശേരിൽ; മാറാടി സെ. മേരീസ്. 16. പൈലീ യോഹന്നാൻ, കിഴക്കേതൊട്ടിയാനേൽ; ഇരട്ടിയാനിക്കുന്ന് സെ. ജോർജ്. 17. ഐപ്പ് സൈമൻ, ഇലവുംതടത്തിൽ; ഇരട്ടിയാനിക്കുന്ന്, സെ. ജോർജ്.

## കണ്ടനാട് മെത്രാസനം

1. കെ. പി. പൗലോസ്, വെച്ചൂപ്പാടത്ത്; കോലഞ്ചേരി സെ. പീറ്റേഴ്സ് & സെ. പോൾസ്. 2. എം. കുര്യക്കോസ്, മണ്ഠപത്തിൽ; പിറവം സെ. മേരീസ്. 3. വി. പി. വറുഗീസ്, വടക്കേനെല്ലിക്കുഴി; പിറവം സെ. മേരീസ്. 4. വി. ഡി. ഡേവിഡ്, വലിയമററത്തിൽ; കുന്നയക്കൽ പടിഞ്ഞാറ് സെ. ജോർജ്. 5. പൈലി ഐപ്പ്, കാപ്പിക്കുന്നേൽ; കുന്നയ്ക്കൽ കിഴക്ക് സെ. ജോർജ്. 6. കുര്യച്ചൻ, മാന്നിലേത്ത്; മാമ്മലശ്ശേരി മാർ മിഖായേൽ. 7. വി. കെ. വറുഗീസ്, വീണാമത്തിൽ; മാമ്മലശ്ശേരിൽ മാർ മിഖായേൽ. 8. പൈലി മാത്യു, മുപ്പാത്തിയിൽ; കുന്നയ്ക്കൽ കിഴക്ക് സെ. ജോർജ്. 9. റ്റി. എസ്. പൗലോസ്, വാളനടിയിൽ; ഓണക്കൂർ സെ. മേരീസ്. 10. ഒ. സി. കുര്യാക്കോസ് കോർഎപ്പിസ്ക്കോപ്പ, ഓലിയിൽ കൂനപ്പിള്ളിൽ; തേവനാൽ മാർ ബഹന്നാൻ. 11. സി. എസ്. സകറിയാ, ചെമ്മംകുഴിയിൽ; ആട്ടിൻകുന്ന് സെ. മേരീസ്. 12. കെ. റ്റി. ജോർജ്, കളത്തിൽ; കൂത്താട്ടുകുളം സെ. സ്ററീഫൻസ്. 13. വി. ഡി. സ്കറിയാ, വെള്ളവള്ളിൽ; കൂത്താട്ടുകുളം സെ. സ്ററീഫൻസ്. 14. സി. പി. ഇട്ടൂപ്പ്, ചക്കനാക്കുഴി; കോട്ടൂർ സെ. ജോർജ്. 15. പി. എം. പൈലിപ്പിള്ള, പെരുമ്പള്ളിൽ; കോലഞ്ചേരി സെ. പീറ്റേഴ്സ് & സെ. പോൾസ്. 16. ഫാ. എൻ. ഐ. പൗലോസ്, നെടുംകുഴിയിൽ; കുന്നയ്ക്കൽ കിഴക്ക സെ. ജോർജ്. 17. എൻ. ഐ. ഏബ്രഹാം, നെരവത്ത്; കുന്നയ്ക്കൽ പടിഞ്ഞാറ് സെ. ജോർജ്. 18. ഫാ. പി. യു. കുര്യാക്കോസ്, പോത്താറയിൽ; മുളക്കുളം യൂഹാനോൻ ഈഹിദായോ വലിയപള്ളി. 19. വർക്കി വർഗീസ്, ആനക്കോട്ടിൽ; മുളക്കുളം യൂഹാനോൻ ഈഹിദായോ വലിയപള്ളി. 20. കുരുവിള പൗലോസ്, കാമ്പളംതടത്തിൽ; മുളക്കുളം യൂഹാനോൻ ഈഹിദായോ വലിയപള്ളി.

## കൊച്ചി മെത്രാസനം

1. ഏബ്രഹാം ജേക്കബ്, പ്ളോട്ട് നം. 36; മട്ടാഞ്ചേരി സെ. ജോർജ്. 2. എ. റ്റി. കുര്യാക്കോസ് അമ്മാനംതടത്തിൽ പുത്തൻപുരയിൽ; ആരക്കുന്നം സെ. ജോർജ്. 3. ഇ. വി. വർഗീസ്, സീതക്കുന്നേൽ; ആരക്കുന്നം സെ. ജോർജ്. 4. ജോർജ് വറുഗീസ്, ആഴിക്കൽ; ഫോർട്ടുകൊച്ചി സെ. പീറേറഴ്സ്. 5. എ. സി. ചാക്കോ, അരുത്തനാംകേരിൽ; ഫോർട്ടുകൊച്ചി സെ. പീറേറഴ്സ് & സെ. പോൾസ്. 6. കെ. പി. വർഗീസ്, 1/1767 കിടങ്ങേടത്ത്; മട്ടാഞ്ചേരി സെ. ജോർജ്. 7. പി. വി. ജോസഫ്, പുല്ലാങ്കുടിയിൽ; കരിപ്പക്കുന്ന മാർ ബസേലിയോസ്.

**ഓത്തഡോക്സ് ഹെറാൾഡ്**

**ശനിയാഴ്ചതോറും ദേവലോകം അരമനയിൽ നിന്നും പ്രസിദ്ധീകരിക്കുന്നു.**

**വരിസംഖ്യ മുൻകൂർ**

**ഒരുവർഷം— 60രൂപാ**
**രണ്ടുവർഷം— 100രൂപാ**

**വിലാസം**
**ഓത്തഡോക്സ് ഹെറാൾഡ്**
**ദേവലോകം അരമന**
**കോട്ടയം—686 038**

**Phone 0481-8234**




## കൊച്ചി മെത്രാസനം(തുടർച്ച)

8. എ.റ്റി. വർഗ്ഗീസ്, അമ്പഴവേലിൽ; ചാലക്കുടി സെ. തോമസ്. 9. ഫാ. വി. കുര്യാക്കോസ്, കണ്ണോട്ട് കുടയിൽ; ചാലക്കുടി സെ. തോമസ്.

## കുന്നംകുളം മെത്രാസനം

1. എം. വി. ജയിക്കബ് മങ്ങമ്പാൽ; പഴഞ്ഞി സെ. മേരീസ്. 2. സി. എ. ജയിംസ്, ചീരൻവീട്; പഴഞ്ഞി സെ. മേരീസ്. 3. ഷാൺ പി. എബ്രഹാം, പുലിക്കോട്ടിൽ; കാട്ടുകാമ്പൽ സെ. ഇഗ്നേഷ്യസ്. 4. ഫാ. കെ. ജെ. ജോർജ്, കണ്ണോത്ത് ചിറളയം സെ. ലാസറസ്. 5. ജിം വർഗീസ് പി., പുലിക്കോട്ടിൽ; കുന്നംകുളം സെ. ജോർജ്. 6. ജിന്നികുരുവിള, അമ്പേയിൽ; കുന്നംകുളം സെ. ജോർജ്. 7. വി. കെ. കൊച്ചുകുഞ്ഞൻ വടക്കേത്തലയ്ക്കൽ; കാട്ടകാമ്പൽ സെ. ഇഗ്നേഷ്യസ്. 8. ഫാ. പി. സി. സൈമൺ, പുലിക്കോട്ടിൽ; കാട്ടുകാമ്പൽ സെ. ഇഗ്നേഷ്യസ്. 9. പി. റ്റി. ജോർജ്, പുലിക്കോട്ടിൽ; കുന്നംകുളം സെ. മത്ഥ്യാസ്. 10. ഉക്രുചിന്നൻ, ചുങ്കത്ത്; ചെഹവ്വന്നൂർ സെ. ഗ്രീഗോറിയോസ്. 11. കുത്തൂര് ചാക്കുണ്ണി മാത്യു (കെ. സി. മാത്യു); അടുപ്പൂട്ടി സെ. ജോർജ്.

## മലബാർ മെത്രാസനം

1. ഫാ. പി. എ. ജോർജ്, പൂവാട്ടിൽ; കട്ടമേനി സെ. ജോർജ്. 2. വി. എ. ഉമ്മൻ, ഗിരിസ കോമ്പൗണ്ട്; കാസർകോട് സെ. മേരിന. 3. സി. സി. വർഗീസ്, നാഷണൽ സ്റേറാഴ്സ്; തലശ്ശേരി സെ. മേരീസ്. 4. മാത്യുപുരയ്ക്കൽ, ബ്ലോക്ക് നമ്പർ 11, ജി. ആർ. എസ്; മാവൂർ സെ. മേരീസ്. 5. വി. സി. ജോസഫ്, വലിയനാംകണ്ടത്തിൽ; കരുവാർക്കുണ്ട് സെ. ജോർജ്. 6. കെ. വി ജോൺ, സുജോസ്; പാലകാട് സെ. മേരീസ്. 7. പി. സി. ചാക്കോ, പുതുപ്പറമ്പിൽ; കടുമേനി സെ. ജോർജ്. 8. കെ. സി. പൗലോസ് നെല്ലിമൂട്ടിൽ; കൊങ്ങാട് സെ. ജോർജ്. 9. കെ. പി. കുര്യൻ, കൈയ്യാലത്ത്; കൊങ്ങാട് സെ. ജോർജ്. 10. പി. വി. ഈപ്പൻ, കക്കാട്ട്, പുതുപ്പറമ്പിൽ; കടുമേനി സെ. ജോർജ്. 11. റ്റി. കെ. തോമസ്, തലങ്കുളത്ത്; ചാത്തമംഗലം സെ. തോമസ്. 12. പി. എസ്. ജോർജ്, പേഴംകാട്ടിൽ; കോടിച്ചാൽ സെ. മേരീസ്. 13. സി. വി. മണി, ചേമനത്തിൽ, കരുവാരക്കുണ്ട് സെ. ജോർജ്. 14. ജോൺ തോമസ്, മാന്താനത്ത്; ഏലമല സെ. ജോർജ്. 15. വി. ഫി. യോഹന്നാൻ, വടക്കേടത്ത്; മണ്ണാർകാട് സെ. മേരീസ്. 16. എം. ജെ. മത്തായി, മാപ്പിലത്ത്; മുണ്ടൻപാറ സെ. ജോർജ്. 17. പി. സി. വർഗ്ഗീസ്, കാലായിൽ പറമ്പിൽ; ഞറുക്കിലകോട് സെ. മേരീസ്. 18. ഫാ. ഏലിയാസ് അപ്പയ്ക്കൽ; ചാത്തമംഗലം സെ. തോമസ്. 19. ഫിലിപ്പ് തോമസ്, ഏലമല വസ്റേററ്റ്; ഏലമല സെ. ജോർജ്. 20. ഇ. ജെ. മത്തു, ഇല്ലിക്കൽ; കരുവങ്കയം മാർ ഗ്രീഗോറിയോസ്. 21. ഇ. എൻ. ജോസഫ് ഇഞ്ചക്കാട്ട്; കരുവാങ്കയം മാർ ഗ്രീഗോറിയോസ്. 22. പി. ഐ. ജോൺ, പാലത്തിൽ; നെല്ലിക്കോയജൽ സെ. തോമസ്. 23. കെ. റ്റി. ജോർജുകുട്ടി, കുന്തറയിൽ; ചുങ്കത്തറ സെ. ജോർജ്. 24. എം. കുരുവിള, നാമ്പേഴ്സ് കോളനി; കണ്ണൂർ സെ. തോമസ്. 25. റ്റി. റ്റി. ബഞ്ചമിൻ, ഡിഫൻസ് ക്വാർട്ടേഴ്സ്; കണ്ണൂർ സെ. തോമസ്. 26. ജോസഫ് പി. തോമസ്, കുടിതൂർ; തലശ്ശേരി സെ. തോമസ്. 27. റ്റി. മത്തായി, പുന്നയിൽ അരവഞ്ചാൽ സെ. ജോർജ്. 28. പി. എം. ജോർജ്, പനമ്പള്ളിൽ; ഒലവട്ട് സെ. ജോർജ്. 29. പി. യു. എബ്രഹാം, പൂവത്തൊട്ടിയിൽ; മുണ്ടൻപാറ സെ. ജോർജ്. 30. പി. രാജ, മലക്കിയിൽ; കടമ്പഴിപ്പുറം സെ. ഗ്രീഗോറിയോസ്. 31. കെ. സി. മാത്യു, കുരിശുംമൂട്ടിൽ; ചൽപ്പൊടി സെ. ഗ്രീഗോറിയോസ്. 32. റ്റി. റ്റി. മ... തലക്കാവിൽ; ചളിക്കൽപ്പെട്ടി സെ. ഗ്രീഗോറിയോസ്.

കേരളത്തിൻെറ സാക്ഷരതയും ഉന്നതവിദ്യാഭ്യാസവും പ്രചരിപ്പിക്കുന്നതിന് നിർണ്ണായകമായ പങ്കു വഹിക്കുന്ന ക്രൈസ്തവ സഭകളിൽ പ്രധാനവും പ്രഥമ ഗണനീയവുമാണ് മലങ്കര ഓർത്തഡോക്സ് സഭ.

ലോകവ്യാപകമായിത്തീർന്നിരിക്കുന്ന ഓർത്തഡോക്സ് സഭയുടെ ഒന്നാമത്തെ കോളജ് പത്തനംതിട്ടയിൽ, 1952 ഓഗസ്ററ് 1-ാം തീയതി കാതോലിക്കേററ് കോളജ് എന്ന പേരിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. ലോകത്തിൻെറ യാതൊരു ഭാഗത്തും ഓർത്തഡോക്സ് സമുദായത്തിന് അന്നൊരു കോളജ് ഉണ്ടായിരുന്നില്ല. ഉന്നത വിദ്യാഭ്യാസത്തിൻെറ ഊടും പാവുമൊരുക്കാനുപകരിക്കുന്ന ഒരു മഹൽസ്ഥാപനം ആരംഭിക്കാൻ മലങ്കര ഓർത്തഡോക്സ് സഭയ്ക്കാണ് ഭാഗ്യമുണ്ടായത്.

മലങ്കര സഭയുടെ പരമാദ്ധ്യക്ഷനായിരുന്ന പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട്, വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിൽ അർപ്പിച്ച വി. കുർബ്ബാനയെ തുടർന്ന് തിരുവിതാംകൂർ സർവ്വ




## അസോസിയേഷൻ പ്രതിനിധികൾ

### മലബാർ (തുടർച്ച)

33. വി.പി പൗലോസ് വെട്ടിചുവട്ടിൽ; പുളിക്കാട് സെ. ജോർജ്. 34. വി.എം. മത്തായി, വല്ലത്ത്; എടക്കര സെ. മേരീസ്. 35. കെ.വി. തോമസ്, കെ.വി.ഐ.പി. സബ്ഡിവിഷൻ; ഒററപ്പാലം സെ. ഗ്രീഗോറിയോസ്.

### ബത്തേരി മെത്രാസനം

1. കെ.കെ. വർഗീസ്, കുഴിക്കാട്ടിൽ; ബത്തേരി സെ. മേരീസ് കത്തീഡ്രൽ. 2. കെ.എം. തമ്പി, കരകുളത്തിൽ; പുത്തുമല സെ. ജോർജ്. 3. റജി മാത്യു, കായപ്പുറത്ത്; പുത്തുമല സെ. ജോർജ്. 4. എൻ.ഐ. ജേക്കബ്, നിരപ്പത്ത്; മൂലങ്കാവ് സെ. ജോൺസ്. 5. എം.ജെ. ചാക്കോ, തലമല; വൈത്തിരി സെ. മേരീസ്. 6. എംവി. വർഗീസ്, ഗ്രീൻഫീൽഡ് എസ്റേററ് സിദ്ധാപ്പൂർ സെ. മേരീസ്. 7. പി.എം. പോൾ, പാറയിൽ; ബത്തേരി സെ. മേരീസ് കത്തീഡ്രൽ. 8. പി.എ. വർഗ്ഗീസ്, പാലംപൊയ്കയിൽ; (അറബി) മാർ യൂഹാനോൻ. 9. ററി.എം അലക്സാണ്ടർ, അച്ചൂസ്കോട്ടേജ്; സെ. ഗ്രീഗോറിയോസ്. 10. ററി.സി. ചാക്കോ, തെക്കുതാമണ്ണിൽ; കോളിത്തട്ട് (അറബി) മാർ യൂഹാന്നോൻ.

### MADRAS DIOCESE

1. V.V. Chacko; Koonoor St. Mary's. 2. Rev. Fr. V. Mathew; Sampiady St. Mary's. 3. M.T. Thomas; Valparai St. Peter's. 4. K.V. Thomas; Velparai St. Petors. 5. Dr. C.J. Roy; Madurai St. Thomas. 6. Rev. Fr. P.M. Cheriyan; Thiruchirappally St. Thomas. 7. G.Varghese; Thiruchirappally St. Thomas. 8. C.C. John; Hyderbad Mar Gregorious. 9. K. Geevarghese; Ramachandrapuram St. Mary's. 10. K.K. Koshy; Ramachandrapuram St. Mary's. 11. Dr. Reji Oommen; Velloore St. Luk's. 12. C.E. George; Bangalore St. Thomas. 13. Mathew Koshy; Bangalore St. Petors & St. Pauls. 14. M. Raju; Salem St. Thomas. 15. Rev. Fr. George Jacob; Bangalore St. Pauls. 16. K.J. George; Bangalore St. Pauls. 17. T.C. Thomas. Madurai St. Thomas. 18. John Varghese; Vishakapatanam St. Stephens. 19. P. Chacko; Madras St. Thomas Cathedral. 20. C.T. Samuel; Jalahally St. Mary's. 21. P.K. Kuriakose; Avadi St. George. 22. Fr. George John. Thomas; Bangalore St. Peters and St. Pauls. 23. P.K. Philipose; Bangalore St. Peters and St. Pauls. 24. K.T. Danioel; Neyveli St. Thomas. 25. M.C. Abraham; Tiruppur St. Mary's.

### CULCUTTA DIOCESE


1. K.S. Mathai; Bhubaneshwar St. George. 2. V.E. Cheriyan, Bhubaneshwar St. George. 3. T.C. Mathew; Jamshedpur Mar Gregorious. 4. P.S. Chacko; Guwahati M.G.O. Church. 5. Valsan Varghese; Nagpor St.George. 6. K.S. Joy; Cuttack St. George. 7. V.M. Koshy; Bhopal St. Thomas.


Manufacturers & exporters of fine jewellery

PRAKKAT JEWELLERS

PRAKKAT BUILDINGS
CENTRAL JUNCTION, KOTTAYAM
KERALA, INDIA 686 001
TELEPHONE 0481 4553

ബോംബെ




## BOMBAY DIOCESE

1. K.I. Idik..., Chembor St. Gregorious. 2. George k...y M.; Sakinaka St. George. 3. K.K. Samuel; Nasik St. George. 4. Fr. Jesudusan Puthethu; Ojhar Mar Gregorious. 5. Baby A. Chacko; Ahmednagar St. Mary's. 6. K.S. Thomas; Ahamadnagar St. Mary's. 7. K.V. Joseph; Dadar St. Mary's. 8. Fr. Koshy Plammootil; Malad St. Thomas. 9. A.S. Thomas; Malad St. Thomas. 10. Koshy Mickhayel; Malad St. Thomas. 11. M.D. Thomas; Bombay Mar Gregorious. 11. M.D. Thomas; Bombay Mar Gregorious. 12. P.T. Thomas; Belgavm Mar Gregorious. 13. Thankachan M; Pune St. Mary's. 14. Fr. Thomas Panickar; Pune St. Mary's. 15. M.C. Georgekutty; Kalyan St. Thomas. 16. Bijiv Mundaplackal; Kalyan St. Thomas. 17. K. John; Ojhar St. Gregorious. 18. John Mathew; Ojhar St. Gregorious. 19. Fr. Yavnan Mulamootil Chembor Mar Gregorious. 20. K.T. Kurian; Chembur Mar Gregorious. 21. Fr. P.J. James; Dombili St. Mary's. 22. T.V. Koshy; Dehu Road Mar Gregorious.

## DELHI DIOCESE

1. Shaji Zacharia; Tvghla Kabad St. Thomas. 2. Fr. Samuel P. George; Gwallior St. Pauls & Agra St. Thomas. 3. P.M. Thomas; New Delhi St. Mary's Cahthedral. 4. Fr. Zachariah Panackumattom; New Delhi St. Mary's Cathedral. 5. E.M. John; Janakpuri Mar Gregorious. 6. T.V. Chackappan; chandigarh St. Mary's. 7. M.S. Roy; Faridabad St. Mary's. 8. Fr. Philip M. Samvel; Vadaipur St. Gregorious.



വ. ദി. ശ്രീ. ബർസൗമാ റമ്പാൻ,
മാർബസേലിയോസ് ദയറ,
ഞാലിയാകുഴി; കോട്ടയം
നാലുന്നാക്കൽ മാർഗ്രീഗോറിയോസ്


With Best Compliments From:-

**ALAPATT JEWELERY**

**KOTTAYAM**



With Best Compliments from:-

**KEECHERIL AGENCIES**

MALLAPPALLY

DEALERS

Godrej LOCKS & REFRIGERATORS

STORE WEELS

**KEECHERIL JEWELLERY**

Phone: Office; 234,244
Resi : 264

